**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഗുണ്ട, മയക്കുമരുന്ന് സംഘങ്ങളെ അമർച്ച ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗുണ്ട, മയക്കുമരുന്ന് സംഘങ്ങളെ അമർച്ച ചെയ്യാൻ സംസ്ഥാന, ജില്ലാതലങ്ങളിൽ ഓർഗനൈസ്ഡ് ക്രൈം സ്ക്വാഡുകൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഗുണ്ടാ നിയമം നടപ്പിലാക്കുന്നത് കാര്യക്ഷമമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി എല്ലാ പോലീസ് ജില്ലകളിലും ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ ആക്ഷൻ ഗ്രൂപ്പ് എഗെൻസ്റ്റ് ഓർഗ്ഗനൈസ്ഡ് ക്രൈംസ് (Special Action Group against Organised Crimes -SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ DySP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസ് ഉദ്യോഗസ്ഥരും പ്രസ്തുത SAGOC-യിൽ അംഗങ്ങൾ ആണ്. അതാത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ട സമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് SAGOC യുടെ ഉദ്ദേശ്യ ലക്ഷ്യം. കൂടാതെ ഓരോ പോലീസ് സ്റ്റേഷനുകളിലും ആന്റി ഓർഗനൈസ്ഡ് ക്രൈം സെൽ (Anti Organised Crimes Cell - AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതാത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൂടാതെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കുവാനും കൃത്യമായ പട്രോളിംഗ് നടത്തുവാനും ആവശ്യമായ മേൽ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പ നിയമം (ഗുണ്ട നിയമം) ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് ഗുണ്ട നിയമ പ്രകാരവും ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ഗുണ്ട നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ജില്ല കളക്ടർമാരെയും ജില്ല പോലീസ് മേധാവിമാരെയും ഉൾപ്പെടുത്തി അവലോകന യോഗം കൂടുകയും യോഗത്തിൽ കാപ്പ നിയമ (ഗുണ്ട നിയമം) പ്രകാരമുള്ള കരുതൽ തടങ്കൽ, സഞ്ചലന നിയന്ത്രണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. |
| (ബി) | വർഗീയ, തീവ്രവാദ സംഘടനകളുടെ ആയുധ പരിശീലനവും സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള വിദ്വേഷ പ്രചാരണവും തടയാൻ നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. വർഗീയ, തീവ്രവാദ സംഘടനകളുടെ ആയുധ പരിശീലനവുമായി ബന്ധപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദികളായവർക്കെതിരെ നിയമം അനുശാസിക്കുന്നവിധം ഇന്ത്യൻ ശിക്ഷാ നിയമം, Arms Act, കേരള പോലീസ് ആക്ട് തുടങ്ങിയവയിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള വിദ്വേഷ പ്രചാരണം നടത്തുന്ന സംഭവങ്ങളിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും I.T ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനു പുറമേ ഇപ്രകാരമുള്ള പ്രചാരണം തടയുവാനായി സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച്, സൈബർ ഡോം, ജില്ലാ പോലീസ് മേധാവിമാരുടെ കീഴിലുള്ള സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എന്നിവയുടെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെ നിരന്തരം നിരീക്ഷണങ്ങൾ നടത്തിയും ആയവ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.<br><br>സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള വിദ്വേഷ പ്രചാരണം നടത്തുന്ന സംഭവങ്ങളുമായി ബന്ധപ്പെട്ട് 20.05.2021 മുതൽ 16.08.2022 വരെ 479 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഡാർക്ക് വെബിലൂടെ ലഹരിക്കടത്ത് വ്യാപകമാണെന്ന് കരുതപ്പെടുന്ന സാഹചര്യത്തിൽ അത് ഫലപ്രദമായി തടയുന്നതിന് കേരള പോലീസ് സ്വന്തമായി സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ഡാർക്ക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി ഹാക്ക് പി സമ്മിറ്റ് എന്ന ഹാക്കത്തോണിലൂടെ കേരള പോലീസ് Granpel 1.0 എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാർക്ക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളായ ലൈംഗിക വ്യാപാരം, മയക്കുമരുന്ന് കച്ചവടം, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ എന്നിവ ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച് കണ്ടെത്തുവാനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുവാനും സാധിക്കും. കൂടുതൽ സവിശേഷതകൾ ഉൾപ്പെടുത്തിയുള്ള Granpel 2.0 സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ